നം.ഇ.എസ്1- 16200/2016/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം : തീയതി.23/04/2016.

# നോട്ടീസ്.

വിഷയം - ആ.വ.ഡ - 01/04/2000 മുതൽ 31/10/2007 വരെയുള്ള ജെ.എച്ച്.ഐ ഗ്രേഡ് 2 മാരുടെ അന്തിമ സീനിയോറിട്ടി പട്ടികയിൽ ശ്രീ.മുരളീധരൻ.കെ.വിയുടെ സീനിയോറിട്ടി റാങ്ക് നംപർ പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/തീ.27/4/13.
(2) കുറിപ്പ് നം.ഇ.ജി5-6866/16/ആ.വ.ഡ/തീയതി.09/02/2016.

മേൽ സൂചന ഒന്ന് (1) പ്രകാരം പ്രസിദ്ധീകരിച്ച 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെ സീനിയോറിട്ടി പട്ടികയിൽ 436 - ാം റാങ്ക് നംപർ ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.മുരളീധരൻ.കെ.വിയുടെ റാങ്ക് നംപർ നിശ്ചയിച്ചിരിക്കുന്നത്. ഫീഡർ തസ്തികയിലെ പ്രബേഷൻ പൂർത്തീകരിക്കുന്നതിനു മുൻപാണെന്നും ആയതിനാൽ ടിയാളുടെ റാങ്ക് നംപർ പ്രബേഷൻ പൂർത്തീകരിച്ചതിനു ശേഷമുള്ള ഒഴിവിനെ അടിസ്ഥാനമാക്കി പുനഃക്രമീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സൂചന രണ്ട് (2) പ്രകാരം ഒരു കുറിപ്പ് ലഭിച്ചിരിക്കുന്നു.

ശ്രീ.മുരളീധരൻ.കെ.വിയുടെ സേവന രേഖകൾ പരിശോധിച്ചതിൻ പ്രകാരം ടിയാൾ 16/11/2000 വരെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചതായും 16/11/2001 തീയതി പ്രകാരം പ്രബേഷൻ പൂർത്തീകരിച്ചതായും കാണുന്നു. എന്നാൽ ടിയാളുടെ റാങ്ക് നംപർ 436 ആയി നിശ്ചയിച്ചിട്ടുള്ളത് 12/10/2000 തീയതിയിൽ നിലവിൽ വന്ന ഒഴിവ് അടിസ്ഥാനമാക്കിയാണ്. എന്നാൽ കെ.എസ്.എസ്.ആർ റൂൾ 28 അനുസരിച്ച് ഒരു ജീവനക്കാരന് പ്രമോഷൻ ലഭിക്കുന്നതിന് പ്രബേഷൻ കാലയളവ് പൂർത്തീകരിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.മുരളീധരൻ.കെ.വിയ്ക്ക് ഫീഡർ തസ്തികയിൽ പ്രബേഷൻ കാലയളവ്, പൂർത്തീകരിച്ച തീയതിയായ 16/11/2001 നു ശേഷം നിലവിൽ വന്ന ഒഴിവിൽ മാത്രമേ സീനിയോറിട്ടിയ്ക്ക് അർഹതയുള്ളൂ.

ആയതിനാൽ സൂചന ഒന്നു പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിൽ ശ്രീ.മുരളീധരൻ.കെ.വിയുടെ റാങ്ക് നംപർ 16/11/2001 നു ശേഷം നിലവിൽ വന്ന ഒഴിവിനെ അടിസ്ഥാനമാക്കി താഴെ പറയും പ്രകാരം പുനഃക്രമീകരിക്കാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

| ക്രനം | പേര് | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി. | പ്രബേഷൻ പൂർത്തീകരിച്ച തീയതി. | സാങ്കേതിക യോഗ്യത നേടിയ വർഷം | നിലവിലെ റാങ്ക് നംപർ | താൽക്കാലികമായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റാങ്ക് നം. |
|---|---|---|---|---|---|---|---|
| 1 | മുരളീധരൻ.കെ.വി | 21/05/63 | 16/10/95 | 16/11/01 | May 2000 | 436 | 1061 ബി സജിലാൽ.പി (1061 എ)യ്ക്കും രജനി.കെ (1662) നും മദ്ധ്യേ. |

ടി തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളവർ നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനകം ഉചിത മാർഗേന അപ്പീൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം തീരുമാനം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

വിശ്വസ്തതയോടെ

ഒപ്പ്

ഡോ.ആർ.രമേഷ്
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.മുരളീധരൻ.കെ.വി
ജെ.എച്ച്.ഐ ഗ്രേഡ് 2

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ഔദ്യോഗിക വെബ്സൈറ്റ്
3) ഇ.ജി സെക്ഷൻ
4) ഫയൽ/സ്റ്റോക്ക് ഫയൽ.

സൂപ്രണ്ട്